(ഡി, ഇ) ഓരോ വർഷവും കുറച്ചൊക്കെ കുടിശ്ശിക വരാറുണ്ട്. മുൻവർഷത്തെ കുടിശ്ശികയായ 92000 രൂപ ഈ സാമ്പത്തികവർഷം അനുവദിച്ചുകഴിഞ്ഞു.

(എഫ്) ഈ പദ്ധതി പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ളതിനാൽ 1995-96-ൽ ലഭിച്ച അപേക്ഷകളും ബാക്കി ഫണ്ടും ജില്ലാ പഞ്ചായത്തുകൾക്ക് നൽകിക്കഴിഞ്ഞു.

വൃദ്ധ മന്ദിരം

54 [1644] ശ്രീ. ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒൻപത് ജില്ലകളിൽ വൃദ്ധ മന്ദിരം തുടങ്ങാൻ അനുമതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇവയുടെ പ്രവർത്തനം എന്നു തുടങ്ങി;

(സി) ഓരോ വൃദ്ധ മന്ദിരത്തിലും എത്ര വൃദ്ധൻമാർ താമസിക്കുന്നുണ്ട്;

(ഡി) വൃദ്ധ മന്ദിരത്തിൽ പ്രവേശനം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) 1996 മാർച്ച് മാസം തന്നെ ഇവ പ്രവർത്തിച്ചുതുടങ്ങുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ഡി) നിരാലംബർക്കും നിർദ്ധനർക്കും 55 വയസുകഴിഞ്ഞ സ്ത്രീകൾക്കും 65 വയസ്സ് കഴിഞ്ഞ പുരുഷൻമാർക്കുമാണ് വൃദ്ധ മന്ദിരങ്ങളിൽ പ്രവേശനം നൽകുന്നത്. പ്രവേശനം ആഗ്രഹിക്കുന്നവർ സൂപ്രണ്ടിന് അപേക്ഷ സമർപ്പിക്കേണ്ടതും താൽക്കാലികമായി പ്രവേശനം നൽകുന്നതുമാണ്. അതിനുശേഷം ബന്ധപ്പെട്ട ജില്ലാ ആഫീസർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട മേഖലാ അസിസ്റ്റന്റ് ഡയറക്ടർ പ്രവേശനം സ്ഥിരപ്പെടുത്തുന്നതുമാണ്.

വൃദ്ധ-വികലാംഗ-അഗതി പെൻഷൻ

55 [1645] ശ്രീ. ഇ. ശങ്കരൻ:
,, സി. പി. ബാലൻ വൈദ്യർ:
,, എ. കണാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൃദ്ധർക്കും, വികലാംഗർക്കും അഗതികൾക്കും നൽകിവരുന്ന പെൻഷൻ തുക വർദ്ധിപ്പിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ;

(ബി) ഈയിനത്തിൽ കുടിശ്ശികയായി എന്തു തുക വിതരണം ചെയ്യാനുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly